2025 MAY
08
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്ത്യാ യുകെ സ്വതന്ത്രവ്യാപാരക്കരാർ

# കയറ്റുമതിയിൽ ഇന്ത്യ കുതിയ്ക്കും

**ന്യൂദൽഹി:** യുകെയുമായുള്ള സ്വതന്ത്രവ്യാപാരക്കരാർ നിലവിൽ വന്നതോടെ ഇന്ത്യയ്ക്ക് ഏറ്റവും വലിയ നേട്ടമാവുക വസ്ത്രനിർമ്മാണ രംഗത്താണ്. വസ്ത്രങ്ങളുടെയും റെഡിമെയ്ഡുകളുടെയും രംഗത്ത് ഇന്ത്യയ്ക്ക് വൻനേട്ടമുണ്ടാകും. ഇന്ത്യൻ വസ്ത്രക്കയറ്റുമതി കുതിക്കും. ഈ രംഗത്തുള്ള ഇറക്കുമതി തീരുവ ബ്രിട്ടൻ ഗണ്യമായി കുറയ്ക്കും. ഇന്ത്യയിൽ നിന്നുള്ള പാദരക്ഷകൾക്കുള്ള ഇറക്കുമതി തീരുവയും കുറയും. ഇതോടെ ഇന്ത്യയിൽ നിന്നുള്ള തുകൽ ചെരിപ്പുകളും മറ്റ് ചെരിപ്പ് ഉൽപന്നങ്ങളും യുകെയിലേക്ക് ഒഴുകം. ഇന്ത്യയ്ക്ക് അനുഗ്രഹമാകുന്ന മറ്റൊരു മേഖല ഭക്ഷ്യോൽപന്നങ്ങളുടെ രംഗമാണ്. ശീതീകരിച്ച ചെമ്മീൻ ഉൾപ്പെടെയുള്ളവയുടെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി വർധിക്കും. സമുദ്രോൽപന്നങ്ങളുടെ കയറ്റുമതിയുടെ കാര്യത്തിൽ ഇന്ത്യ കുതിയ്ക്കും. യുകെയിൽ നിന്നുള്ള വിസ്കി, ജിൻ തുടങ്ങിയവയ്ക്ക് ഇപ്പോൾ 150 ശതമാനമാണ് ഇന്ത്യയിലെ ഇറക്കുമതി നികുതി. ഇത് 75 ശതമാനമാക്കി കുറയ്ക്കും. കരാർ നിലവിൽ വന്ന് പത്ത് വർഷം തികഞ്ഞാൽ ഇത് 40 ശതമാനമായി കുറയും. ഓട്ടോമോബൈൽ ഉൽപന്നങ്ങൾക്കുള്ള താരിഫ് ഒരു പ്രത്യേക ക്വാട്ട പ്രകാരം 100 ശതമാനത്തിൽ നിന്നും 10 ശതമാനമായി കുറയും. ബ്രിട്ടനിൽ നിന്നുള്ള സൗന്ദര്യവർധക ഉൽപന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ശീതളപാനീയം, ചോക്കലേറ്റ്, സാൽമൻ, ആട്ടിറച്ചി, ബിസ്കറ്റുകൾ എന്നീ ഉൽപന്നങ്ങൾക്ക് ഇപ്പോൾ നിലനിൽക്കുന്ന ഇറക്കുമതി തീരുവ ഗണ്യമായി കുറയുന്നതോടെ ഈ ഉൽപന്നങ്ങൾ കൂടുതലായി ഇന്ത്യയിലേക്ക് ഒഴുകും. ഓട്ടോ ഇറക്കുമതി രംഗത്ത് നിലനിന്നിരുന്ന ക്വാട്ട ഇരുരാജ്യങ്ങളും എടുത്തുകളയും.ഇന്ത്യയും യുകെയും തമ്മിലുള്ള സ്വതന്ത്രവ്യാപാരക്കരാർ ഉണ്ടാക്കുന്നതിനുള്ള ചർച്ച 2022ൽ ആരംഭിച്ചതാണ്. മൂന്ന് വർഷത്തെ തുടർച്ചയായ ചർച്ചകൾക്കൊടുവിൽ മെയ് ആറ് ചൊവ്വാഴ്ച ഇരുരാജ്യങ്ങളും തമ്മിലുള്ള കരാർ നിലവിൽ വരികയായിരുന്നു. ഈ കരാർ വ്യാപാരം, നിക്ഷേപം, വളർച്ച, തൊഴിൽ സൃഷ്ടി, ബിസിനസിലെ നവീനതകൾ എന്നിവയിൽ വൻ കുതിപ്പുണ്ടാക്കുമെന്നാണ് വിശ്വസിക്കുന്നത്. 202223 സാമ്പത്തിക വർഷത്തിൽ 2036 കോടി ഡോളർ ആയിരുന്നു ഇന്ത്യയും യുകെയും തമ്മിലുള്ള വ്യാപാരം. 202324ൽ അത് 2134 കോടി ഡോളർ ആയി ഉയർന്നിരുന്നു. ഇത് നേരെ ഇരട്ടിയാക്കി 4000ൽ പരം കോടി ഡോളർ ആക്കി ഉയർത്തുകയാണ് ലക്ഷ്യം. പുതിയ സ്വതന്ത്ര വ്യാപാരക്കരാർ അതിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.




## കൊച്ചിയുടെ മാലിന്യ പ്രശ്നം പരിഹരിക്കാൻ 3716.10 കോടിയുടെ പദ്ധതി : മന്ത്രി പി. രാജീവ്



**കൊച്ചി:** കൊച്ചിയുടെ സമഗ്ര വികസനത്തിനായി ബ്രഹത് പദ്ധതിയുമായി സംസ്ഥാന സർക്കാർ. കൊച്ചിയിലെ മലിനീകരണം നിയന്ത്രിക്കുന്നതിനായി 3716.10 കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യവസായ മന്ത്രി പി.രാജീവ്. കാക്കനാട് കിൻഫ്ര കൺവെൻഷൻ സെന്ററിൽ നടന്ന മുഖ്യമന്ത്രിയുടെ ജില്ലാതല അവലോകന യോഗത്തിൽ ആധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു വ്യവസായ മന്ത്രി.നഗരത്തിലെ ആറ് കനാലുകളെ തമ്മിൽ ബന്ധിപ്പിച്ചാണ് ഇന്റഗ്രേറ്റഡ് അർബൻ ഡെവലപ്മെന്റ് വാട്ടർ റീജനറേഷൻ ആന്റ് സീവേജ് ട്രീറ്റ്മെന്റ് പദ്ധതി നടപ്പാക്കുന്നത്. കഴിഞ്ഞ ദിവസം ചേർന്ന മന്ത്രിസഭാ യോഗത്തിലായിരുന്നു പദ്ധതി ആവിഷ്കരിച്ചത്. മലിന ജലം ശാസ്ത്രീയമായി ഒഴുക്കി കളയാൻ ലക്ഷ്യമിടുന്നന്ന പദ്ധതിയിൽ 105 എം.എൽ.ടി ശേഷിയുള്ള രണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളാണുള്ളതെന്ന് മന്ത്രി പറഞ്ഞു. ഒരു തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അടുത്ത അഞ്ച് വർഷങ്ങൾക്ക് ശേഷം അത് വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്ന പതിവിന് വിപരീതമായി ഓരോ വർഷത്തേയും പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിക്കുന്ന പുതിയ രീതി ലോകത്തിന് സമർപ്പിച്ചത് മുഖ്യമന്ത്രി പിണറായി വിജയനാണ്. ഓരോ മേഖലയിലെ ജനങ്ങളുമായി പ്രത്യേകമായി ആശയസംവാദം നടത്തി. 140 മണ്ഡലങ്ങളിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭ സഞ്ചരിച്ച് ജനങ്ങളുമായി ആശയവിനിമയം നടത്തുകയുണ്ടായി. ഭരണത്തിന്റെ ഓരോ ഘട്ടത്തിലും സൂക്ഷമമായി ഇടപെടുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## ഹജ്ജ് തീർത്ഥാടകർക്ക് ഇന്റർനാഷണൽ റോമിങ് പ്ലാനുകളുമായി വി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം ഓപ്പറേറ്ററായ വി പ്രീപെയ്ഡ്, പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്കായി അൺലിമിറ്റഡ് ഇൻകമിംഗ് കോളുകളുമായി ഗൾഫ് മേഖലയ്ക്കായുള്ള ആദ്യത്തെ ഇന്റർനാഷണൽ റോമിങ് പായ്ക്കുകൾ അവതരിപ്പിച്ചു.അൺലിമിറ്റഡ് ഇൻകമിംഗ് കോളുകൾക്ക് പുറമെ ഈ പായ്ക്കുകളിൽ 20 ദിവസത്തെയും 40 ദിവസത്തെയും കാലാവധിയോടുകൂടി അധിക ഡാറ്റാ ക്വാട്ട, സൗജന്യ ഔട്ട്ഗോയിംഗ് മിനിറ്റുകൾ, എസ്എംഎസ് ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നു. ഉയർന്ന ഇൻറർനാഷണൽ റോമിംഗ് നിരക്കുകളെക്കുറിച്ച് ആശങ്കപ്പെടാതെ ഈ ദീർഘ കാലാവധിയുള്ള പ്ലാനുകൾ തീർത്ഥാടകർക്ക് കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും കണക്റ്റഡ് ആയിരിക്കാനും സഹായിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. പ്രീപെയ്ഡ് പായ്ക്കിൽ 1199 രൂപയ്ക്ക് 20 ദിവസത്തേയ്ക്ക് അൺലിമിറ്റഡ് ഇൻകമിംഗ് കോളുകൾ, 2ജിബി ഡാറ്റ, 150 മിനിറ്റ് ഔട്ട്ഗോയിംഗ് കോളുകൾ, ഓരോ എസ്എംഎസിനും 15 രൂപയും, 2388 രൂപയ്ക്ക് 40 ദിവസത്തേയ്ക്ക് അൺലിമിറ്റഡ് ഇൻകമിംഗ് കോളുകൾ, 4ജിബി ഡാറ്റ, 300 മിനിറ്റ് ഔട്ട്ഗോയിംഗ് കോളുകൾ, ഓരോ എസ്എംഎസിനും 15 രൂപയുമാണ്.പോസ്റ്റ്പെയ്ഡിൻറെ 2500 രൂപയുടെ പായ്ക്കിൽ 20 ദിവസത്തേയ്ക്ക് അൺലിമിറ്റഡ് ഇൻകമിംഗ് കോളുകൾ, 4ജിബി ഡാറ്റ, 500 മിനിറ്റ് ഔട്ട്ഗോയിംഗ് കോളുകൾ, ഇൻകമ്മിംഗ് എസ്എംഎസും, 20 ഔട്ട്ഗോയിംഗ് എസ്എംഎസ് സൗജന്യം. പോസ്റ്റ്പെയ്ഡിൻറെ 4500 രൂപയുടെ പായ്ക്കിൽ 40 ദിവസത്തേയ്ക്ക് അൺലിമിറ്റഡ് ഇൻകമിംഗ് കോളുകൾ, 8ജിബി ഡാറ്റ, 1000 മിനിറ്റ് ഔട്ട്ഗോയിംഗ് കോളുകൾ, ഇൻകമിംഗ് എസ്എംഎസും 30 ഔട്ട്ഗോയിംഗ് എസ്എംഎസ് സൗജന്യം.വി ഉപഭോക്താക്കളുടെ യാത്രാ ദൈർഘ്യത്തിനും ഉപയോഗത്തിനും അനുസരിച്ച് ഏറ്റവും അനുയോജ്യമായ പ്ലാൻ തിരഞ്ഞെടുക്കാവുന്നതാണ്. കുറച്ച് ദിവസത്തേയ്ക്കായി യാത്ര ചെയ്യുന്നവർക്കായി 495 രൂപയ്ക്ക് 3 ദിവസത്തേയ്ക്ക് പരിമിതമായ ആനുകൂല്യങ്ങളോടെയും 749 രൂപയ്ക്ക് 1 ദിവസത്തെ അൺലിമിറ്റഡ് ആനുകൂല്യങ്ങളും വി ലഭ്യമാക്കുന്നു. ഇതിലൂടെ ഉപഭോക്താക്കൾക്ക് വിദേശത്ത് തടസ്സമില്ലാത്ത അനുഭവം ആസ്വദിക്കാൻ സഹായിക്കുന്നു.പ്രധാനപ്പെട്ട എല്ലാ ഇൻറർനാഷണൽ റോമിംഗ് പ്ലാനുകളിലും അൺലിമിറ്റഡ് ഇൻകമിംഗ് കോളുകൾ പോലുള്ള മികച്ച ആനുകൂല്യങ്ങളുമായി അന്താരാഷ്ട്ര യാത്രക്കാർക്ക് ഏറ്റവും ആകർഷകമായ ആനുകൂല്യങ്ങൾ വി നൽകുന്നു.



സൊസൈറ്റി ടുഡേ
SOCIETY TODAY



പഹൽ ഗാം ഭീകരാക്രമണത്തിന് പാക്കിസ്ഥാന് തിരിച്ചടി നൽകിയ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും യുദ്ധത്തിൽ പങ്കെടുക്കുന്ന വീര സൈനികർക്കും ഐക്യദാർഢ്യം പ്രകടിപ്പിച്ച് ശിവസേന എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ നടത്തിയ ആരതി പൂജ പാർട്ടി സംസ്ഥാന സെക്രട്ടറി ടി ആർ ദേവൻ ഉദ്ഘാടനം ചെയ്യുന്നു.

# പാക്കിസ്ഥാന് തിരിച്ചടി: സൈന്യത്തിന് ഐക്യദാർഢ്യവുമായി ശിവസേന

**കൊച്ചി:** ജമ്മുവിലെ പഹൽ ഗാമിൽ ഭീകരാക്രമണം നടത്തി നിരപരാധികളെ കൊലചെയ്ത പാക്കിസ്ഥാന് ചുട്ട മറുപടി നൽകി കൊണ്ട് തിരിച്ചടിച്ച ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും യുദ്ധത്തിൽ പങ്കെടുക്കുന്ന വീര സൈനികർക്കും ആരതി ഉഴിഞ്ഞു കൊണ്ട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ശിവസേന എറണാകുളത്ത് ആരതി പൂജ നടത്തി.

ഹൈക്കോടതി ജംഗ്ഷനിൽ നടന്ന ചടങ്ങിൽ ശിവസേന എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് സന്തോഷ് കുമാർ അധ്യക്ഷത വഹിച്ചു. ശിവസേന സംസ്ഥാന സെക്രട്ടറി ടി ആർ ദേവൻ ആരതി പൂജ ഉദ്ഘാടനം ചെയ്തു.

പാർട്ടി നേതാക്കളായ അനിൽകുളങ്ങര കാട്ടിൽ, സുരേഷ് കടപ്പുറത്ത്, കെ ബി വേണു, ജേക്കബ് തോമസ്, സേതു, അഭിലാഷ് തൃപ്പൂണിത്തറ, അശോക് ആലുവ, ജിൻസൺ ഉദയംപേരൂർ, അഭിനന്ദ് കുണ്ടൂർ,കെ കെ ബാലു, സാബു സി വി, ജോയ് ആന്റണി, ശ്രീകുമാർ കാവിൽ, അഖിൽ മരട്, എം സലിം എന്നിവർ പ്രസംഗിച്ചു

# ഗോൾഡൻ പാലസ് ഇൻററർനാഷണൽ കൺവൻഷൻ സെൻറർ ഉദ്ഘാടനം 18ന്

**നെയ്യാറ്റിൻകര:** കേരള തമിഴ്നാട് അതിർത്തിയിൽ മണിവിളയ് ക്കു സമീപം ഗോൾഡൻ പാലസ് ഇൻറർനാഷണൽ കൺവൻഷൻ സെൻറർ 18ന് ഉദ്ഘാടനം ചെയ്യും. പ്രമുഖ വാണിജ്യ വ്യവസായ സംരംഭകരായ ഗോൾഡൻ പാലസ് ഗ്രൂപ്പ് ആരംഭിക്കുന്ന സെൻററിൽ ഒട്ടേറെ സവിശേഷതകളുണ്ട്.

50 മുതൽ 5000 വരെ ആളുകളെ ഒരേ സമയം ഉൾക്കൊള്ളാനാവുന്ന വിവിധ ഹാളുകൾ, 2500 പേർക്ക് ഇരിക്കാവുന്ന ഓപ്പൺ എയർ ഓഡിറ്റോറിയം, ത്രീ സ്റ്റാർ സൗകര്യത്തോടു കൂടിയ 24 മുറികളുള്ള ഹോട്ടൽ ബ്ലോക്ക്, രണ്ടു ഹെലികോപ്റ്ററുകൾക്ക് ഒരേ സമയം ലാൻഡ് ചെയ്യാൻ സൗകര്യമുള്ള രണ്ട് ഹെലിപാ!ഡുകൾ, പതിനേഴ് ഏക്കറിൽ നാലായിരം വാഹനങ്ങൾക്കുള്ള പാർക്കിംഗ് സംവിധാനം അടക്കമുള്ളതാണ് ഈ കൺവൻഷൻ സെൻറർ.

ഉദ്ഘാടന ദിവസം എത്തുന്ന പൊതുജനങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പത്തു പേർക്ക് ഹെലികോപ്റ്ററിൽ ആകാശക്കാഴ്ച കാണാൻ അവസരം ലഭിക്കും. താത്പര്യമുള്ളവർക്ക് ഈ മാസം പത്തു മുതൽ ഇതിനായി ഗോൾഡൻ പാലസിൽ നേരിട്ടെത്തി പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഉദ്ഘാടന ദിവസം ഉച്ചയ്ക്ക് 12 മുതൽ ഒന്നു വരെ നടക്കുന്ന നറുക്കെടുപ്പ് വേളയിൽ സന്നിഹിതരായവർക്കു മാത്രമേ ഹെലികോപ്റ്റർ യാത്ര അനുവദിക്കുകയുള്ളൂവെന്നും ഗോൾഡൻ പാലസ് ഇൻറർനാഷണൽ കൺവൻഷൻ സെൻറർ പ്രതിനിധികൾ അറിയിച്ചു.




# മീൻവിഭവങ്ങളുമായി കുടുംബശ്രീയുടെ പ്രീമിയം കഫെ

**കൊല്ലം:** കൊല്ലത്തിൻറെ രുചിയെന്ന് പേരുകേട്ട മീൻവിഭവങ്ങൾ പ്രീമിയം സൗകര്യങ്ങളോടെ കുറഞ്ഞവിലയ്ക്ക് കിട്ടുന്ന പ്രിമിയം കഫെ പന്മന ഗ്രാമപഞ്ചായത്തിലേക്കും എത്തി. കുടുംബശ്രീ ശൃംഖലയുടെ ഭാഗമായി തുടങ്ങിയ ജില്ലയിലെ ആദ്യസംരംഭം മന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.

ഫുഡ്സ്പോട്ടായി മേഖലയെ മാറ്റിയെടുക്കാൻ സഹായകമായ പ്രിമിയം കഫെ, പ്രധാനമായും മീൻവിഭവങ്ങൾക്ക് ആണ് പ്രാമുഖ്യം നൽകുന്നത്. 80 പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന ഈ സംരംഭം അത്രതന്നെയാളുകൾക്ക് ഭക്ഷണം കഴിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.വെജ്നോൺവെജ് സദ്യ, ബിരിയാണി, അറേബ്യൻചൈനീസ് വിഭവങ്ങളും ഫാസ്റ്റ് ഫുഡും പ്രീമിയം കഫെയിലുണ്ട്.

അഷ്ടമുടി പ്രാച്ചിക്കറി, കണമ്പ്, മപ്പാസ്, കല്ലുമേകായ്, അഷ്ടമുടി കരിമീൻ പൊള്ളിച്ചത്, ചിപ്പി റോസ്റ്റ്, കണവ , ചെമ്മീൻ മൽഹാർ, നാലു തരം മീനും കൊഞ്ചും ഞണ്ടും ഉൾപ്പെടുന്ന കഫെ സ്പെഷലായ ദേശിംഗനാട് മീൻ സദ്യ എന്നിവയാണ് പ്രീമിയം കഫേ പ്രത്യേകമായി തയാറാക്കുന്നത്.

സുജിത് വിജയൻപിള്ള എം എൽ എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്ഡോ. പി .കെ .ഗോപൻ, മത്സ്യഫെഡ് ചെയർമാൻ ടി. മനോഹരൻ, ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സന്തോഷ് തുപ്പാശേരി, പന്മന ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി. ശ്രീകല, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ അഡ്വ. സി.പി. സുധീഷ് കുമാർ, എസ്. സോമൻ, ചവറ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സീനത്ത്, പന്മനഗ്രാമപഞ്ചായത്ത് മെമ്പർ രാജീവ് കുഞ്ഞുമണി, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ആർ. വിമൽചന്ദ്രൻ, സിഡിഎസ് അധ്യക്ഷ രമ്യ സുനിത്, എ. അനീസ, ആർ. രതീഷ്, ജില്ലാ പ്രോഗ്രാം മാനേജർ വിഷ്ണു പ്രസാദ്, ബി. ഉൻമേഷ്, കുടുംബശ്രീ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# മാലി ബാലസാഹിത്യ രചനാ മത്സരം

**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ മാലി ബാലസാഹിത്യ രചനാ മത്സരം നടത്തുന്നു. കവിതകൾ പരമാവധി 36 വരികളും, കഥകൾ 600 വാക്കുകളുമാണ് അയക്കേണ്ടത്. തിരഞ്ഞെടുക്കപ്പെട്ട രചനകൾ ഉൾപ്പെടുത്തി പുസ്തകം പ്രസിദ്ധീകരിക്കുന്നതാണ്. ഒന്നും, രണ്ടും സ്ഥാനക്കാർക്ക് പുരസ്കാരം സമ്മാനിക്കും. രചനകൾ ലഭിക്കേണ്ട അവസാന തീയതി 2025 മെയ് 31.കഥകളും, കവിതകളും apsbooks1997@gmail.com എന്ന മെയിലിലേക്ക് അയക്കുക.


പഴങ്ങനാട് സമരിറ്റൻ സ് കൂൾ ഓഫ് നഴ്സിംങ് കോം ക്ലേവ് ബിരുദദാനം സിഗ്മ മെഡിക്കൽ കോഡിങ്ങ് അക്കാദമി ഡയറക്ടർ ബിബിൻ ബാലൻ ഉദ്ഘാടനം ചെയ്യുന്നു. സിസ്റ്റർ മേരി ഇ എൽ സിസ്റ്റർ ജോസ് ലറ്റ് ഫാ തോമസ് വൈക്കത്തുപറമ്പിൽ ഡോ മനു മാത്യു എന്നിവർ സമീപം

# പഴങ്ങനാട് സമരിറ്റൻ നഴ്സിങ്ങ് കോം ക്ളേവ് ബിരുദദാനം

**കിഴക്കമ്പലം :** പഴങ്ങനാട് സമരിറ്റൻ കോളേജിലെ 19ാം മത് ബാച്ചിന്റെ നഴ്സിങ്ങ് ബിരുദദാന ചടങ്ങ് നടത്തി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി.ജോസ് ലെറ്റ് എസ്.ഡി. അദ്ധ്യക്ഷത വനിച്ച ചടങ്ങിൽ സിഗ്മ മെഡിക്കൻ കോഡിംങ് അക്കാദമി ഡയറക്ടർ ബിബിൻ ബാലൻ ഉദ്ഘാടനം ചെയ്തു ലിറ്റിൽ ഫ്ളവർ ആശുപത്രി ഡയറക്ടർ ഫാ തോമസ് വൈക്കത്തു പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. നഷ് സിംങ്ങ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ മേരി ഇ.എൽ സ്വാഗതവും ഓർത്തോപീഡിക് സർജൻ ഡോക്ടർ മനു മാത്യു ആശംസ പ്രസംഗം നടത്തി.

# കെടെറ്റ്: സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 15 മുതൽ

**ആലപ്പുഴ** ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ 2024 നവംബർ കെ. ടെറ്റ് പരീക്ഷയിൽ വിജയികളായ പരീക്ഷാർഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മേയ് 15, 16 തീയതികളിൽ രാവിലെ 10.30 മുതൽ വൈകിട്ട് 4.30 വരെ ആലപ്പുഴ ഗവ. ഗേൾസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ഇതിനു ശേഷം ഓൺലൈൻ വെരിഫിക്കേഷൻ സൈറ്റ് ക്ലോസ് ചെയ്യുന്നതാണ്. വിജയികൾ അവരവരുടെ ഒറിജിനൽ ഹാൾടിക്കറ്റ്, പകർപ്പ്, റിസൾട്ടിന്റെ പകർപ്പ്, എല്ലാ സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും അസ്സലും പകർപ്പും, മാർക്ക് ആനുകൂല്യം ലഭിച്ചവർ ബന്ധപ്പെട്ട രേഖകളുടെ അസ്സലും പകർപ്പും (നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് നിർബന്ധമായും) വെരിഫിക്കേഷൻ സമയത്തു ഹാജരാക്കേണ്ടതാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു.

# പെൺകുട്ടികൾക്ക് പ്രീ മെട്രിക് ഹോസ്റ്റൽ പ്രവേശനം

**അമ്പലപ്പുഴ:** ഗവ. പ്രീ മെട്രിക് ഹോസ്റ്റൽലിലേക്ക് (പെൺകുട്ടികൾ) പ്രവേശനത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അഞ്ചു മുതൽ 10 വരെയുള്ള ക്ലാസിലേക്ക് 202526 അധ്യയനവർഷത്തെക്കാണ് പ്രവേശനം.

എല്ലാ ആധുനിക, അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഹോസ്റ്റലിൽ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി എല്ലാ വിഷയങ്ങൾക്കും പ്രത്യേക അധ്യാപികമാരുടെ ട്യൂഷൻ സേവനംഉണ്ടായിരിക്കും. രാത്രികാല പഠനത്തിനും, മാനസികശാരിരിക ആരോഗ്യ സംരക്ഷണ സേവനങ്ങൾക്കുമായി വനിതാ റസിഡന്റ് ട്യൂട്ടറിന്റെ സേവനം, മെനു അനുസൃതമായ സമീകൃത ആഹാരം, സ്കൂൾ, ഹോസ്റ്റൽ യൂണിഫോമുകൾ, മറ്റു വസ്ത്രങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, ബാഗ്,കുട്, ചെരിപ്പ്, കൃത്യമായ ഇടവേളകളിൽ വൈദ്യ പരിശോധന, ലൈബ്രറി, പോക്കറ്റ് മണി, സ്റ്റേഷനറി സാധനങ്ങൾ മുതലായവക്ക് മാസം തോറും നിശ്ചിത തുക തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണ്.കൂടുതൽ വിവരങ്ങൾക്ക് അമ്പലപ്പുഴ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുമായിബന്ധപ്പെടുക ഫോൺ: 8547630053.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ നവീകരണം; 98.46 കോടിയുടെ പദ്ധതിക്ക് അന്തിമ അംഗീകാരം

**ചെങ്ങന്നൂർ:** റെയിൽവേ സ്റ്റേഷൻ റെ സമഗ്ര നവീകരണത്തിന് 98.46 കോടി രൂപയുടെ പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചതായി കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു. നിരവധി തീർഥാടകരുടെയും യാത്രക്കാരുടെയും പ്രധാന ഗതാഗതകേന്ദ്രമായ ചെങ്ങന്നൂരിനെ ആധുനിക സൗകര്യങ്ങളോടെയും ഉയർന്ന നിലവാരത്തോടെയും പ്രാപ്തമാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ശബരിമലയുടെ കവാടം എന്ന നിലയിൽ കേരളത്തിൻറെ പാരമ്പര്യ വാസ്തു ശില്പ പാരമ്പര്യം ഉറപ്പാക്കുന്ന തരത്തിലുള്ള രീതിയിലാണ് സ്റ്റേഷൻറെ പുനർനിർമാണം. സ്റ്റേഷൻ വികസനത്തിൻറെ ഭാഗമായി പുതിയ ടെർമിനൽ ബിൽഡിംഗ്, തീർഥാടന കേന്ദ്രം, ഓഫീസുകൾ, റെയിൽവേ ക്വാർട്ടേഴ്സ് എന്നിവ നിർമിക്കും.

ആറു മീറ്റർ വീതിയുള്ള പുതിയ ഫുട് ഓവർ ബ്രിഡ്ജ്, 12 മീറ്റർ വീതിയുള്ള എയർ കോൺകോഴ്സ് എന്നിവയും ഒരുക്കും. വാഹനങ്ങൾക്കായി കവർ ചെയ്ത ഡ്രൈവ് വേ, ഓട്ടോ, ടാക്സി പ്രവേശനം, തീർഥാടന കാലത്തേക്ക് പ്രത്യേക ബസുകൾക്കുള്ള പ്രവേശന മാർഗം എന്നിവയും ഉണ്ടായിരിക്കും. പുറപ്പെടുന്നവരുടെയും എത്തുന്നവരുടെയും യാത്രാ ദിശകൾ വേർതിരിച്ച് സംവിധാനങ്ങൾ, പ്ലാറ്റ്ഫോമുകളുടെ നവീകരണം, 12 യൂണിറ്റ് റെയിൽവേ ക്വാർട്ടേഴ്സ്, നിലവിലെ രണ്ടു ലിഫ്റ്റുകൾക്ക് പുറമേ 9 ലിഫ്റ്റുകളും നിലവിലെ രണ്ടു എസ്കലേറ്ററുകൾക്ക് പുറമേ ആറ് എസ്കലേറ്ററുകളും സ്ഥാപിക്കും.

യാത്രാസൗകര്യങ്ങളുടെ പുരോഗതിക്കായി എടുത്ത നടപടികളുടെ ഭാഗമാണിതെന്നും പദ്ധതിയുടെ കൃത്യമായ പരിഗണനയും സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പാക്കുമെന്നും കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു. തീർഥാടകരുടെയും നാട്ടുകാരുടെയും സൗകര്യത്തിനായി ഏറെ ക്കാലമായി ആവശ്യപ്പെട്ടിരുന്ന വികസനമാണ് ഇപ്പോൾ യാഥാർഥ്യമാകുന്നതെന്നും എംപി കൂട്ടിച്ചേർത്തു.



# നിയമക്കുരുക്കുകൾ മറികടന്ന് അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം യാഥാർഥ്യത്തിലേക്ക്

**ചേർത്തല:** നിയമക്കുരുക്കുകൾ തരണം ചെയ്ത് അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ പുലിമുട്ട് നിർമാണ ടെൻഡറിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകിയതായി കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. പുലിമുട്ടുകളുടെ ശേഷിക്കുന്ന നിർമാണത്തിന് 103 കോടി രൂപയുടെ കരാറിനാണ് അംഗീകാരം.

തീരദേശത്തിൻറെ സ്വപ്നപദ്ധതിയായ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ പുലിമുട്ട് നിർമാണത്തിൻറെ കരാർ നിയമക്കുരുക്കുകളിൽ അകപ്പെട്ടിരുന്നു. ഫിഷറീസ് മന്ത്രി സജി ചെറിയാനുമായി ചേർന്ന് നടത്തിയ നിരന്തര പരിശ്രമഫലമായാണ് നിയമതടസങ്ങളെല്ലാം മറികടന്ന് കരാറിന് അംഗീകാരമായത്. രണ്ടുഘട്ടങ്ങളായി അനുവദിച്ച പണം ഉപയോഗിച്ച് നിർമാണം പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ല. നിലവിൽ വടക്കേ പുലിമുട്ട് 260 മീറ്ററും തെക്കേ പുലിമുട്ട് 510 മീറ്ററുമാണ് പൂർത്തിയായിട്ടുള്ളത്.

കടലിലെ ചെളി മൂലമുള്ള സിങ്കേജ് കാരണം പണി മുടങ്ങുമെന്ന ഘട്ടത്തിൽ കൃഷിമന്ത്രിയുടെയും ഫിഷറീസ് മന്ത്രിയുടെയും ഇടപെടലിൻറെ ഫലമായി രാജ്യത്ത് ആദ്യമായി എഫ്ഐഡിഎഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡ് മുഖേന വായ്പ ലഭിച്ചതാണ് പദ്ധതിക്ക് പുനർജന്മമേകിയത്. പൂർണമായും തിരിച്ചടയ്ക്കേണ്ട വായ്പയായി ലഭിക്കുന്ന പണം ഉപയോഗിച്ചുള്ള കരാറിനാണ് ഇപ്പോൾ അംഗീകാരം ലഭിച്ചത്. 5.07% വാർഷിക പലിശയിൽ ലഭിക്കുന്ന തുകയ്ക്ക് രണ്ട് വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 12 വർഷമാണ് തിരിച്ചടവ് കാലാവധി. പണി പൂർത്തിയാക്കാനുള്ള സമയപരിധി മേയ് 2025 ആയിരുന്നെങ്കിലും പിന്നീട് അത് 2027 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

പുലിമുട്ട് നിർമാണം പുനരാരംഭിക്കുന്നതിന് ഹാർബർ എൻജിനിയറിംഗ് വകുപ്പ് ടെൻഡർ ചെയ്തെങ്കിലും ഒരു കരാറുകാരൻ കോടതിയെ സമീപിച്ചതോടെ മുന്നോട്ട് പോയില്ല. ടെൻഡർ റദ്ദാക്കി പുതിയതു ക്ഷണിച്ചെങ്കിലും നിയമ പ്രശ്നങ്ങൾ തുടർന്നു. തുടർന്ന് അഡ്വക്കറ്റ് ജനറലിൻറെ നിയമോപദേശത്തിൻറെ അടിസ്ഥാനത്തിലാണ് മന്ത്രിസഭാ തീരുമാനം.ഇതോടെ ഇനി നിർമിക്കാനുള്ള 655 മീറ്റർ തെക്കേ പുലിമുട്ട്, 190 മീറ്റർ വടക്കേ പുലിമുട്ട് എന്നിവയുടെ നിർമാണം ഉടൻ ആരംഭിക്കുവാൻ സാധിക്കും.

കൂടാതെ പദ്ധതിയുടെ ഭാഗമായുള്ള ടോയ്ലറ്റ് ബ്ലോക്ക്, ലോക്കർ റൂം, ഫിഷ് ലാൻഡിംഗ് സെൻറർ ഫിഷിംഗ് ഹാർബർ റോഡ് തുടങ്ങിയവയുടെ നിർമാണം ഏകദേശം പൂർത്തിയായിട്ടുണ്ട്.ഓവർഹെഡ് വാട്ടർ ടാങ്ക് നിർമാണം, ഐസ് പ്ലാൻറ്, ഹൈഡ്രോഗ്രാഫിക് സർവേയറുടെ കാര്യാലയം എന്നിവയുടെ കരാർ നടപടികൾ പുരോഗമിക്കുകയുമാണ്.

# കോട്ടയം,കുമരകം, എറണാകുളം: പുതിയ ഇടനാഴി

**കോട്ടയം:** ദേശീയ പാത 183നെയും 66നെയും ബന്ധിപ്പിച്ചുകൊണ്ട് കോട്ടയത്തുനിന്ന് ആരംഭിച്ച് കുമരകം, വെച്ചൂർ വഴി എറണാകുളത്തേക്ക് പുതിയ ഇടനാഴി നിർമിക്കുന്നത് സംബന്ധിച്ച് ഫ്രാൻസിസ് ജോർജ് എംപി പ്രാഥമിക പരിശോധന നടത്തി.

ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്താൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിധിൻ ഗഡ്കരി ഉത്തരവിട്ടതിൻറെ അടിസ്ഥാനത്തിൽ ദേശീയ പാത അഥോറിട്ടി അധികാരികൾ നടത്തുന്ന പരിശോധനയ്ക്ക് മുന്നോടിയായിട്ടാണ് എംപി സന്ദർശനം നടത്തിയത്. കോട്ടയംകോടിമതയിൽനിന്ന് കുമരകം വരെ ബോട്ടിൽ സഞ്ചരിച്ചാണ് റോഡിൻറെ റൂട്ട് വിലയിരുത്തിയത്.

കോട്ടയം മുളങ്കുഴയിൽനിന്നാരംഭിച്ച് കുമരകം വഴി എറണാകുളത്തേക്ക് എത്രയും വേഗം എത്തിച്ചേരുന്ന വിധത്തിൽ റോഡ് നിർമിക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് എംപി പറഞ്ഞു.

ദേശീയ പാതാ അഥോറിറ്റിയംഗം വെങ്കിട്ടരമണൻറെ നേതൃത്വത്തിലുള്ള സംഘം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനെ തുടർന്ന് കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

ദേശീയപാതാ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനിയർ എ.എസ്. സുര, അസിസ്റ്റൻറ് എൻജിനിയർ കെ.എം. അരവിന്ദ്, മുൻ മുൻസിപ്പൽ കൗൺസിലർ സനൽ കാണക്കാരി, അനിൽ മലരിക്കൽ എന്നിവർ എംപിയോടൊപ്പം ഉണ്ടായിരുന്നു.

# മത്സ്യവില കുതിച്ചുയർന്നു

**തൊടുപുഴ:** അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ ട്രോളിംഗ് നിരോധനം ആരംഭിച്ചതോടെ സംസ്ഥാനത്ത് പച്ചമീനിന് വില കുതിച്ചുയർന്നു. രണ്ടാഴ്ച മുമ്പാണ് ട്രോളിംഗ് നിരോധനം ആരംഭിച്ചത്. ഇതോടെ അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യത്തിൻറെ വരവ് നാമമാത്രമായി.

വേനൽക്കാലമായതിനാൽ ഇവിടെ മത്സ്യലഭ്യത കുറയുകയും ചെയ്തതോടെ വില കുതിച്ചുയരുകയായിരുന്നു. ഇന്നലെ തൊടുപുഴയിൽ ഒരു കിലോ കേരയ്ക്ക് 580 രൂപയായിരുന്നുവില. മത്തി180, അയല160, ഓലക്കുടി600, കൊഴുവ140, കട്ല200, വാളക്കൂരി160, തിലാപ്പിയ200, തിരിയാൻ160, രോഹു200, പൂങ്കണ്ണി240, വറ്റ340, വരാൽ200, ചെമ്പല്ലി240, കാളാഞ്ചി540, ചൂര280, കിളി260, ഏരി560, മഞ്ഞ ഏരി200 എന്നിങ്ങനെയായിരുന്നു മറ്റു മത്സ്യങ്ങളുടെ വില.

അതേസമയം മീനിൻറെ വരവ് കുറഞ്ഞതോടെ തോന്നുംപടി വില ഈടാക്കുന്ന വ്യാപാരികളുമുണ്ട്. കടയിൽ വില നിലവാരം പ്രദർശിപ്പിക്കാത്തതിനാൽ വില അറിയാനും ഉപഭോക്താവിന് സാധിക്കാതെ വരുന്നുണ്ട്. കൃത്യമായി വിലനിലവാരം ബോർഡിൽ പ്രദർശിപ്പിക്കണമെന്ന് കർശനനിർദേശമുണ്ടെങ്കിലും ഇതെല്ലാം കാറ്റിൽപറത്തുകയാണ്.

ഇക്കാര്യം കൃത്യമായി പരിശോധിക്കാൻ ബന്ധപ്പെട്ട അധികൃതർ തയാറാകാത്തതും കച്ചവടക്കാർക്ക് ഗുണകരമായി മാറുകയാണ്.

മീൻവിൽപ്പന ശാലകളിൽ നേരത്തേ പരിശോധന കർശനമാക്കിയിരുന്നെങ്കിലും ഇപ്പോൾ ഇതും നിലച്ചു. പലയിടത്തും പഴകിയ മത്സ്യങ്ങൾ വിൽപ്പന നടത്തുന്നതായും ആക്ഷേപമുയരുന്നുണ്ട്. പച്ചമീനിന് വില ഉയർന്നതിനാൽ വിൽപ്പനയും കുറഞ്ഞിട്ടുണ്ട്.

# സ്നേഹോദയ കോളജ് ഓഫ് നഴ്സിംഗിൽ ബിരുദദാനവും ദീപം തെളിയിക്കലും

**ഇരിങ്ങാലക്കുട:** വല്ലക്കുന്ന് സ്നേഹോദയ കോളജ് ഓഫ് നഴ്സിംഗിൽ പത്താമത് ബാച്ച് ബിഎസ്സി നഴ്സിംഗ് വിദ്യാർഥികളുടെ ബിരുദദാനച്ചടങ്ങും 14ാമത് ബാച്ച് വിദ്യാർഥികളുടെ ദീപം തെളിയിക്കൽ ചടങ്ങും നടന്നു.

ബിഷപ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനംചെയ്തു. സ്നേഹോദയ പ്രൊവിൻസ് പ്രൊവിൻഷ്യലും കോളജിൻറെ ഡയറക്ടറുമായ സിസ്റ്റർ ഡോ. റീത്ത സിഎസ്എസ് അധ്യക്ഷതവഹിച്ചു. സ്നേഹോദയ പ്രൊവിൻസ് മെഡിക്കൽ കൗൺസിലർ സിസ്റ്റർ എൽസീന സിഎസ്എസ് പ്രതിജ്ഞാവാചകം ചൊല്ലികൊടുത്തു. മുളന്തുരുത്തി വെൽകെയർ കോളജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പലും ടിഎൻഎഐ സംസ്ഥാന പ്രസിഡൻറുമായ പ്രഫ. രേണു സൂസൻ തോമസ് മുഖ്യപ്രഭാഷണം നടത്തി.ആളൂർ പഞ്ചായത്ത് പ്രസിഡൻറ് കെ.ആർ. ജോജോ അവാർഡ് ജേതാക്കളെ ആദരിച്ചു. ഇരിങ്ങാലക്കുട രൂപത ഹൃദയ പാലിയേറ്റീവ് കെയർ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഷാജു ചിറയത്ത്, പുല്ലൂർ സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഫ്ലോറി സിഎസ്എസ്, ആളൂർ പഞ്ചായത്തംഗം മേരി ഐസക്, കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ജെയ്സി സിഎസ്എസ്, വിദ്യാർഥി പ്രതിനിധി ഗ്രീന മരിയ, സിസ്റ്റർ ഷൈനി സിഎസ്എസ്, പ്രഫ.എ.ആർ. നിമി എന്നിവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# വനിതാ പ്രാതിനിധ്യം കൊണ്ട് തിളങ്ങി അങ്കണവാടി ജീവനക്കാരുടെ സംഗമം

**കോട്ടയം:** സർക്കാരിൻറെ നാലാം വാർഷികത്തോടനുബന്ധിച്ച് നടന്ന അങ്കണവാടി ജീവനക്കാരുടെ സംഗമം അവരുടെ അർപ്പണബോധത്തിന്റെ പ്രകാശനവേദിയായി. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ അങ്കണവാടി ജീവനക്കാരെക്കൊണ്ട് രാവിലെ തന്നെ സദസ് നിറഞ്ഞു.

വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന സംഗമം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ ഉദ്ഘാടനം ചെയ്തു.സാമൂഹിക പരിവർത്തന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരാണ് അങ്കണവാടി പ്രവർത്തകരെന്നും മാതൃകാപരമായ പ്രവർത്തനമാണ് അവർ സമൂഹത്തിനാകെ നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. നിയോജകമണ്ഡലത്തിലെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം എന്നത് യാഥാർഥ്യത്തിലേക്ക് എത്തുകയാണെന്നും അദ്ദേഹം പറഞ്ഞു.ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേം സാഗർ അധ്യക്ഷത വഹിച്ചു. അങ്കണവാടികളിലും മിക്സി ലഭ്യമാക്കുന്ന പദ്ധതി ജില്ലാ പഞ്ചായത്ത് നടപ്പാക്കാൻ പോകുകയാണെന്ന് അവർ പറഞ്ഞു. സ്ത്രീശാക്തീകരണത്തിന്റെയും തുല്യത വീട്ടിൽ നിന്നും തുടങ്ങട്ടെ എന്ന് സന്ദേശവും നൽകികൊണ്ട് ജില്ലയിലെ ഐ.സി.ഡി.എസ് പ്രോജക്ടിനു കീഴിലുള്ള സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ നടന്ന മൈം ശ്രദ്ധേയമായി.സംസ്ഥാനതലത്തിൽ മികച്ച അങ്കണവാടി, ഹെൽപ്പർ,വർക്കർ , ഉജ്ജ്വലബാല്യ പുരസ്കാരം നേടിയവരെ ചടങ്ങിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അനുമോദിച്ചു. തുടർന്ന് വിവിധ ഐ.സി.ഡി.എസുകൾക്ക് കീഴിലുള്ള അങ്കണവാടി കുട്ടികളുടെയും സ്കൂൾ കുട്ടികളുടെയും വിവിധ കലാപരിപാടികൾ അരങ്ങേറി. ജില്ലാ വനിതാ ശിശുവികസന പദ്ധതി ഓഫീസർ ടിജു റേച്ചൽ തോമസ്, ജില്ലാതല ഐ.സി.ഡി.എസ് സെൽപ്രോഗ്രാം ഓഫീസർ റേച്ചൽ ഡേവിഡ്, ശിശു സംരക്ഷണ ഓഫീസർ സി.ജെ. ബീന, വനിതാ സംരക്ഷണ ഓഫീസർ വി.എസ്. 1 ലൈജു, ജില്ലാ വനിത ശിശു വികസന ഓഫീസ് സീനിയർ സൂപ്രണ്ട് ജി.സ്വാപ്നമോൾ, അങ്കണവാടി ജീവനക്കാർ എന്നിവർ പങ്കെടുത്തു.

## വൈറ്റിലയിലെ കുരുക്കഴിക്കുമെന്നു മന്ത്രി

# തൃപ്പൂണിത്തുറയ്ക്കും കടവന്ത്രയ്ക്കും ഒറ്റവരി ഗതാഗതം

**കൊച്ചി:** വൈറ്റില ജംക്ഷനിലെ ഗതാഗതക്കുരുക്ക് അഴിക്കുന്നതിന്റെ ഭാഗമായി ജംക്ഷനിൽനിന്നു കടവന്ത്ര ഭാഗത്തേക്കും തൃപ്പൂണിത്തുറ ഭാഗത്തേക്കും ഗതാഗതം ഒറ്റവരിയാക്കും. ഗതാഗത മന്ത്രി കെ.ബി.ഗണേഷ്കുമാറാണ് ഈ തീരുമാനം പ്രഖ്യാപിച്ചത്. സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ ജംക്ഷനായ വൈറ്റിലയിൽ നേരിട്ടു പരിശോധനയ്ക്ക് ഉന്നത ഉദ്യോഗസ്ഥരുമായി എത്തിയതായിരുന്നു മന്ത്രി. ജംക്ഷനിൽനിന്നു തൃപ്പൂണിത്തുറ റോഡിലേക്കു താൽക്കാലിക ഡിവൈഡർ കെട്ടിയാകും ഗതാഗതം ഒറ്റവരിയാക്കുക. കുരുക്ക് ഒഴിവാക്കാനുള്ള പ്രാഥമിക നടപടിയാണു ഗതാഗതം ഒറ്റവരിയാക്കൽ.



കടവന്ത്രയിൽ നിന്നു പാലാരിവട്ടം,ഇടപ്പള്ളി ഭാഗത്തേക്കുള്ള വാഹനങ്ങൾക്കു വൈറ്റിലയിൽ ഇടത്തേക്കു തടസ്സമില്ലാതെ നീങ്ങാൻ ഫ്രീ ലെഫ്റ്റ് ഒരുക്കും. വൈറ്റില മേൽപാലത്തിനു താഴെയുള്ള ഡിവൈഡർ പൊളിച്ചുനീക്കി റോഡിനു വീതി കൂട്ടും. ഡിവൈഡർ പൊളിക്കുന്നതിനുള്ള അനുമതി ഉടൻ ലഭിക്കുമെന്നാണു പ്രതീക്ഷ. ഇടപ്പള്ളി,പാലാരിവട്ടം ഭാഗത്തേക്കുള്ള വാഹനങ്ങൾ വളരെ മുൻപുതന്നെ ഫ്രീ ലെഫ്റ്റ് ലൈനിൽ കയറി പോകാൻ ബോർഡ് വച്ചു മുന്നറിയിപ്പു നൽകും. ആലപ്പുഴ, തൃപ്പൂണിത്തുറ ഭാഗത്തേക്കുള്ള വാഹനങ്ങൾ ഈ ലൈനിൽ വരുന്നതു തടയും. ഇവർ ജംക്ഷനിലെത്തി റൗണ്ട് തിരിഞ്ഞുപോകണം. ആലപ്പുഴ ഭാഗത്തേക്കു തിരിയുമ്പോഴുള്ള ബസ് സ്റ്റോപ് അൽപംകൂടി മുന്നിലേക്കു മാറ്റി തടസ്സം ഒഴിവാക്കും.

വൈകിട്ടു നാലരയോടെ എത്തിയ മന്ത്രിയും സംഘവും ഒന്നര മണിക്കൂറോളം ജംക്ഷനിൽ പരിശോധന നടത്തി. മേയർ എം.അനിൽകുമാർ, ഗതാഗത സെക്രട്ടറി പി.ബി.നൂഹ്, റോഡ് സേഫ്റ്റി കമ്മിഷണർ നിതിൻ അഗർവാൾ, ട്രാൻസ്പോർട്ട് കമ്മിഷണർ സി.എച്ച്.നാഗരാജു, കെഎസ്ആർടിസി എംഡി പ്രമോജ് ശങ്കർ, സിറ്റി പൊലീസ് കമ്മിഷണർ പുട്ട വിമലാദിത്യ, കൗൺസിലർ സുനിത ഡിക്സൺ തുടങ്ങിയവരും മറ്റ് ഉദ്യോഗസ്ഥരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

സ്വകാര്യ ബസുകളുടെ മത്സരയോട്ടം നിയന്ത്രിക്കാൻ കർശന നടപടിയെടുക്കുമെന്നു മന്ത്രി കെ.ബി.ഗണേഷ് കുമാർ. വൈറ്റിലയിൽ ഗതാഗത പരിഷ്കരണവുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് എത്തിയതായിരുന്നു അദ്ദേഹം. ഒരേ റൂട്ടിലുള്ള സ്വകാര്യ ബസുകൾക്കു 10 മിനിറ്റ് ഇടവേളയിൽ മാത്രമേ പെർമിറ്റ് അനുവദിക്കൂ. ഗതാഗത കമ്മിഷണറുടെയും റോഡ് സുരക്ഷാ കമ്മിഷണറുടെയും റിപ്പോർട്ട് ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഉത്തരവിറക്കും. ബസ് ഉടമകൾ എതിർപ്പ് ഉയർത്തിയാൽ അതിനെ സർക്കാർ നിയമപരമായി നേരിടുമെന്നും മന്ത്രി വ്യക്തമാക്കി.

# ഗസ്റ്റ് അധ്യാപക നിയമനം

**കൊല്ലം:** കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്ക് കോളേജിൽ പുതിയ അക്കാദമിക്ക് വർഷത്തേക്ക് ഒഴിവുള്ള താൽക്കാലിക തസ്തികകളിലെ നിയമനത്തിനായി അഭിമുഖം നടത്തുന്നു. കമ്പ്യൂട്ടർ വിഭാഗത്തിന് മേയ് 15 നും, ഇലക്ട്രോണിക്സ്സ് വിഭാഗത്തിന് മേയ് 21 നും, ഇലക്ട്രിക്കൽ വിഭാഗത്തിന് മേയ് 22 നും മെക്കാനിക്കൽ വിഭാഗത്തിന് മേയ് 23 നും രാവിലെ 10 മണിക്ക് ലക്ചറർ തസ്തികളിലേക്കും, ഉച്ചയ്ക്ക് ശേഷം ഡെമോൺസ്ട്രേറ്റർ, ട്രയ്ഡ്സ്മാൻ, കമ്പ്യൂട്ടർ പ്രോഗ്രാമർ എന്നീ തസ്തികളിലേക്കും അഭിമുഖം നടത്തുന്നതായിരിക്കും. യോഗ്യത ലക്ചറർ തസ്തികളിലേക്ക് ബന്ധപ്പെട്ട വിഷയത്തിൽ ബിടെക് ഫസ്റ്റ് ക്ലാസ്സ്, ഡെമോൺസ്ട്രേറ്റർ ബന്ധപ്പെട്ട വിഷയത്തിൽ ത്രിവത്സര ഡിപ്ലോമ/ബിഎസ് സി ഫസ്റ്റ് ക്ലാസ്സ്, ട്രയ്ഡ്സ്മാൻ ബന്ധപ്പെട്ട വിഷയത്തിൽ എൻസിവിടി സർട്ടിഫിക്കറ്റ്. കമ്പ്യൂട്ടർ പ്രോഗ്രാമർ ബന്ധപ്പെട്ട വിഷയത്തിൽ ബിഎസ് സി കമ്പ്യൂട്ടർ സയൻസ് പിജിഡിസിഎ ഫസ്റ്റ് ക്ലാസ് . യോഗ്യതയുള്ള ഉദ്യോഗാർഥികൾ ഒറിജിനൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ഈ ദിവസങ്ങളിൽ പ്രിൻസിപ്പലിന് മുമ്പാകെ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. ഫോൺ:9447488348.

## ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** മുതുകുളം ഐസിഡിഎസ് പ്രൊജക്ടിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒരു വർഷത്തേക്ക് ഉപയോഗിക്കുന്നതിന് പ്രതിമാസം പരമാവധി 1500 കി. മി. യാത്ര ചെയ്യുവാൻ കഴിയുന്ന തരത്തിലുള്ള വാഹനം 28,000 രൂപ നിരക്കിൽ (ഡ്രൈവറില്ലാതെ വാഹനം മാത്രം) കരാർ അടിസ്ഥാനത്തിൽ വാടകക്ക് നൽകുവാൻ താൽപര്യമുള്ളവരിൽ നിന്നും ടെൻഡർ ക്ഷണിച്ചു. അവസാന തീയതി മേയ് 27 ഉച്ചക്ക് രണ്ട് മണി. ഫോൺ: 9188959692, 9656714320.

## പി.ജി. ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ്: സമ്പർക്ക ക്ലാസുകൾ നടത്തും

**തിരുവനന്തപുരം:** കേരള നിയമസഭയുടെ കേരള ലജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസിന്റെ ആദ്യ ബാച്ചിന്റെ രണ്ടാം ഘട്ട സമ്പർക്ക ക്ലാസുകൾ മെയ് 10, 11 തീയതികളിൽ തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിലും മെയ് 17, 18 തീയതികളിൽ എറണാകുളം പത്തടിപ്പാലം പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് മിനി കോൺഫറൻസ് ഹാളിലും മെയ് 24, 25 തീയതികളിൽ കോഴിക്കോട് നടക്കാവ് ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസിലും രാവിലെ 9.30 മുതൽ വൈകിട്ട് 5.15 വരെ നടക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471251 2662/2453/2670.

## സംരംഭകത്വ പരിശീലനം

**കൊല്ലം:** അന്താരാഷ്ട്ര തൊഴിൽ സംഘടനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റും ചേർന്ന് സ്റ്റാർട്ട് ആൻഡ് ഗ്രോ യുവർ ബിസിനസ് വിഷയത്തിൽ സംരംഭകത്വ പരിശീലനം സംഘടിപ്പിക്കും. മെയ് 19 മുതൽ 27 വരെ കളമശ്ശേരിയിലുള്ള കിഡ് ക്യാമ്പസിലാണ് പരിശീലനം. സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് http://kied.infot/raining-calender/ മുഖേന അപേക്ഷിക്കാം. ജനറൽ വിഭാഗത്തിന് 7670 രൂപയും, താമസം കൂടാതെ 5900 എസ്.സി/എസ്.ടി വിഭാഗത്തിന് 3835 രൂപയും താമസം കൂടാതെ 2950 രൂപയുമാണ് ഫീസ്. തിരെഞ്ഞെടുക്കപ്പെടുന്ന 25 പേർ മാത്രം ഫീസ് അടച്ചാൽ മതി. ഫോൺ: 0484 2550322,9188922800. 0484 2532890.

## ലൈഫ് ഗാർഡുകളെ ആവശ്യമുണ്ട്

**കൊല്ലം:** നീണ്ടകര, അഴീക്കൽ, തങ്കശ്ശേരി കേന്ദ്രീകരിച്ച് കടൽ രക്ഷാപ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി ദിവസവേതനാടിസ്ഥാനത്തിൽ എട്ട് ലൈഫ് ഗാർഡുകളെ തെരഞ്ഞെടുക്കും. 1845 നും ഇടയിൽ പ്രായമുള്ള നീന്തൽ പ്രാവീണ്യമുള്ളവർക്ക് അപേക്ഷിക്കാം. മുൻപരിചയം, ഗോവ എൻ.ഐ.ഡബ്ല്യൂ.എസിൽ നിന്നുള്ള പരിശീലനം ലഭിച്ചവർക്ക് മുൻഗണന. മെയ് 17 വൈകിട്ട് അഞ്ചിനകം നീണ്ടകര ഫിഷറീസ് അസിസ്റ്റന്റ്‌റ് ഡയറക്ടറാഫീസിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ: 0476 2680036, 9496007036.

## വോട്ടർ രജിസ്ട്രേഷൻ ക്യാമ്പ്

**കൊല്ലം:** തിരഞ്ഞെടുപ്പ് പ്രക്രിയയിൽ യുവവോട്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും തിരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കൊല്ലം വി എൻ എസ് എസ് കോളേജ് ഓഫ് നഴ്സിംഗിൽ ഇൻഹൗസ് വോട്ടർ രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കലക്ടർ എൻ. ദേവിദാസ് ഉദ്ഘാടനം ചെയ്തു. ജനാധിപത്യബോധമുള്ള തലമുറകൾ വളരേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

.വിദ്യാർഥികളുമായി സബ് കലക്ടറും സ്വീപ് നോഡൽ ഓഫീസറുമായ നിഷാന്ത് സിൻഹാര, തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കലക്ടർ ബി. ജയശ്രീ എന്നിവർ ആശയവിനിമയം നടത്തി. വി എൻ എസ് എസ് കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ പ്രൊഫ. വി.വിജയൻ , വൈസ് പ്രിൻസിപ്പൽ പ്രൊഫ. ബീന പി സോമൻ, തുടങ്ങിയവർ പങ്കെടുത്തു.

# വെർടെയ്ൽ ടെക്നോളജീസ് റിയാദ് എയറുമായി എൻഡിസി പങ്കാളിത്തം പ്രഖ്യാപിച്ചു

**കൊച്ചി:** കൊച്ചി ആസ്ഥാനമായുള്ള ആഗോള ട്രാവൽ ടെക്നോളജി കമ്പനിയായ വെർടെയ്ൽ ടെക്നോളജീസ്, റിയാദ് എയറുമായി സഹകരിക്കുന്നു. റിയാദ് എയറിന്റെ ഡിജിറ്റൽ ഡിസ്ട്രിബ്യൂഷൻ പദ്ധതിയുടെ ഭാഗമായി, 'ലോഞ്ച് എൻഡിസി (ന്യൂ ഡിസ്ട്രിബ്യൂഷൻ കേപബിലിറ്റി) അഗ്രിഗേറ്ററായി ആയി വെർടെയ്ൽ ടെക്നോളജീസിനെ നിയമിച്ചുള്ള പ്രഖ്യാപനം ദുബായിൽ നടന്ന അറേബ്യൻ ട്രാവൽ മാർക്കറ്റ് 2025ൽ നടന്നു.

ഈ പങ്കാളിത്തം വഴി, റിയാദ് എയർ ലോകമാകെയുള്ള ട്രാവൽ ഏജന്റുമാർക്ക് വെർടെയ്ൽ ഡയറക്ട് കണക്ട് മുഖേന എൻഡിസിയിൽ പ്രവേശനം നൽകും. വ്യക്തിഗത ആവശ്യങ്ങൾ അനുസരിച്ച് ഉപഭോക്താവിന് ഓഫറുകൾ ലഭിക്കാനും, സുതാര്യതയും, നേരിട്ടുള്ള കണക്ഷനും ഇതിലൂടെ റിയാദ് എയർ മുന്നോട്ടുവെക്കുന്നു.യാത്ര ഏജന്റുമാർക്ക് തത്സമയം ടിക്കറ്റ് നിരക്ക് അറിയാനും, ആൻസിലറി സേവനങ്ങൾ ലഭ്യമാക്കാനും, ഇൻസ്റ്റന്റ് ടിക്കറ്റിംഗ് തുടങ്ങിയ ഫീച്ചറുകൾ ഉപഭോക്താക്കൾക്ക് നൽകാൻ ഇന്റർ നാഷണൽ എയർ ട്രാൻസ്പോർട് അസോസിയേഷൻ വികസിപ്പിച്ചെടുത്ത ടെക്നോളജി സ്റ്റാൻഡേർഡ് ആണ് എൻഡിസി. ഇതിന്റെ വിപുലീകരിച്ച വെർഷനാണ് വെർടെയ്ൽ ടെക്നോളജീസ് നൽകുന്നത്.

ആഗോള തലത്തിൽ വിമാന കണക്ടിവിറ്റിയുടെയും നവീനതയുടെയും പുതിയ മാതൃകയായി മാറുക എന്നതാണ് റിയാദ് എയറിന്റെ ലക്ഷ്യമെന്ന് റിയാദ് എയറിന്റെ ചീഫ് കൊമേഴ്സ്യൽ ഓഫീസർ വിൻസന്റ് കോസ്റ്റ് പറഞ്ഞു. ഈ രംഗത്ത് വെർടെയ്ൽ പോലെയുള്ള ടെക്നോളജി പങ്കാളിയെ തിരഞ്ഞെടുക്കുന്നതിൽ സന്തോഷമുണ്ടെന്നും ഇത് ഒരു തുടക്കമാണെന്നും വിൻസന്റ് കോസ്റ്റ് പറഞ്ഞു. റിയാദ് എയറിന്റെ ആദ്യ എൻഡിസി അഗ്രിഗേറ്ററായി തിരഞ്ഞെടുക്കപ്പെട്ടതിൽ അതിയായ സന്തോഷമുണ്ടെന്നും ഈ പങ്കാളിത്തം എയർലൈൻ വിതരണ രംഗത്ത് ആധുനികത കൊണ്ടുവരാനുള്ള ഞങ്ങളുടെയും റിയാദ് എയറിന്റെയും ദൗത്യത്തെ വെളിപ്പെടുത്തുന്നുവെന്നും വെർടെയ്ൽ ടെക്നോളജീസിന്റെ സ്ഥാപകനും സി.ഇ.ഒയുമായ ജെറിൻ ജോസ് പ്രതികരിച്ചു.

# ഷാരൂഖ് ഖാൻ രോഹൻ കോർപ്പറേഷൻ ബ്രാൻഡ് അംബാസിഡർ

**കൊച്ചി:** കർണാടകയിലെ റിയൽ എസ്റ്റേറ്റ് മേഖല!യിലെ പ്രമുഖ ബിൽഡർമാരും ഡെവലപ്പർമാരുമായ രോഹൻ കോർപ്പറേഷൻ, ബോളിവുഡ് താരം ഷാരുഖ് ഖാനെ കർണാടകയുടെ ഔദ്യോഗിക ബ്രാൻഡ് അംബാസഡറായി നിയമിച്ചു. സമഗ്രത, മികവ്, ആധുനികത, സുസ്ഥിരത എന്നീ അടിസ്ഥാന മൂല്യങ്ങളിൽ അധിഷ്ഠിതമായി മംഗലാപുരം കേന്ദ്രീകരിച്ച് 30 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന രോഹൻ കോർപ്പറേഷന്റെ ഷാരൂഖ് ഖാനുമായുള്ള സഹകരണം കമ്പനിയെ വളർച്ചയുടെ പുതിയ തലങ്ങളിലേക്ക് നയിക്കാൻ സഹായിക്കുമെന്ന് രോഹൻ കോർപ്പറേഷൻ സ്ഥാപകനും ചെയർമാനുമായ ഡോ. രോഹൻ മൊണ്ടീറോ പറഞ്ഞു. ഹിൽ ക്രെസ്റ്റ്, ഹൈ ക്രെസ്റ്റ്, രോഹൻ സിറ്റി, രോഹൻ സ്ക്വയർ തുടങ്ങിയ സുപ്രധാന പദ്ധതികളിലൂടെ ശ്രദ്ധേയമായ രോഹൻ കോർപ്പറേഷൻഇതുവരെ 25 ലാൻഡ്മാർക്ക് പ്രോജക്ടുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. കർണാടകയുടെ റിയൽ എസ്റ്റേറ്റ് മേഖലയിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നത് തുടരാൻ ഷാരുഖ് ഖാനുമായുള്ള സഹകരണം സഹായിക്കുമെന്ന് കമ്പനി കണക്കുകൂട്ടുന്നുവെന്നും അദ്ദേഹം പറഞ്ഞു.




# ബാങ്ക് ഓഫ് ബറോഡയ്ക്ക് 19,581 കോടിയുടെ അറ്റാദായം

**കൊച്ചി:** ബാങ്ക് ഓഫ് ബറോഡ കഴിഞ്ഞ സാമ്പത്തിക വർഷം 19,581 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. വാർഷികാടിസ്ഥാനത്തിൽ 10.1 ശതമാനം വളർച്ചയാണിതു കാണിക്കുന്നത്. ബാങ്കിന്റെ ആഗോള ബിസിനസ് 27 ലക്ഷം കോടി രൂപ എന്ന നാഴികക്കല്ലു പിന്നിട്ടതായും 2025 മാർച്ച് 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു.അറ്റ പലിശ വരുമാനം 2.1 ശതമാനം വളർച്ച രേഖപ്പെടുത്തി 45,659 കോടി രൂപയായി. പലിശ ഇതര വരുമാനം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 14.8 ശതമാനം വാർഷിക വളർച്ചയോടെ 16,647 കോടി രൂപയിലും എത്തിയിട്ടുണ്ട്. ബാങ്കിൻറെ പ്രവർത്തന ലാഭം 4.7 ശതമാനം വർധനവോടെ 32,435 കോടി രൂപയിലെത്തി. ബാങ്കിൻറെ ആഗോള വായ്പകൾ 12.8 ശതമാനം വളർച്ച കൈവരിച്ചപ്പോൾ ആഭ്യന്തര വായ്പകൾ 13.7 ശതമാനം വർധനവാണു രേഖപ്പെടുത്തിയത്. റീട്ടെയിൽ വായ്പകളാണ് ഇതിൽ പ്രധാന പങ്കു വഹിച്ചത്. ആവശ്യമായ അംഗീകാരങ്ങൾക്കു വിധേയമായി ബാങ്കിൻറെ ഡയറക്ടർ ബോർഡ് 418 ശതമാനം ലാഭവിഹിതവും ശുപാർശ ചെയ്തിട്ടുണ്ട്. ബാങ്കിന്റെ ആകെ എൻപിഎ 12.6 ശതമാനം കുറവു രേഖപ്പെടുത്തി 27,835 കോടി രൂപയിലെത്തി.ബാങ്ക് ഓഫ് ബറോഡ 2024 25 സാമ്പത്തിക വർഷത്തെ നാലാം ത്രൈമാസത്തിൽ 5,048 കോടി രൂപയുടെ അറ്റാദായമാണ് കൈവരിച്ചത്. തൊട്ടുമുൻവർഷത്തെ ഇതേകാലയളവിലെ 4,886 കോടി രൂപയേക്കാൾ 3.3 ശതമാനം വളർച്ച നേടി. അറ്റ പലിശ വരുമാനം 6.6 ശതമാനം കുറഞ്ഞ് 11,020 കോടി രൂപ രേഖപ്പെടുത്തി. പലിശ ഇതര വരുമാനം 24.3 ശതമാനം വളർച്ചോടെ 5,210 കോടി രൂപയിലും എത്തിയിട്ടുണ്ട്. നാലാം ത്രൈമാസത്തിലെ ബാങ്കിന്റെ പ്രവർത്തന ലാഭം 0.3 ശതമാനം വർധനവോടെ 8,132 കോടി രൂപ

## ബജാജ് അലയൻസ് ലൈഫ് 1833 കോടി രൂപയുടെ ബോണസ് പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ലൈഫ് ഇൻഷുറൻസ് സ്ഥാപനങ്ങളിൽ ഒന്നായ ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്ക് 1833 കോടി രൂപ എന്ന എക്കാലത്തേയും ഏറ്റവും ഉയർന്ന ബോണസ് പ്രഖ്യാപിച്ചു. കമ്പനിയുടെ പങ്കാളിത്ത പോളിസികളിൽ നിക്ഷേപം നടത്തിയിട്ടുള്ള 11.71 ലക്ഷം പേർക്ക് ഈ ബോണസ് നേട്ടമാകും. കഴിഞ്ഞ 24 വർഷങ്ങളായി ബജാജ് അലയൻസ് ലൈഫ് തുടർച്ചയായി ബോണസ് പ്രഖ്യാപിക്കുന്ന ചരിത്രം തുടരുകയാണ്. 2025 മാർച്ച് 31ന് പ്രാബല്യത്തിലുള്ള പങ്കാളിത്ത പോളിസികളിലാണ് ബോണസ് ബാധകമാകുക. തങ്ങളുടെ ശക്തമായ സാമ്പത്തിക അടിത്തറയും മികച്ച നിക്ഷേപ തന്ത്രങ്ങളുമാണ് ബോണസ് പ്രഖ്യാപനത്തിലൂടെ ഉയർത്തിക്കാട്ടുന്നതെന്ന് ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ തരുൺ ചുഗ് പറഞ്ഞു.

പോളിസി കാലാവധി പൂർത്തിയാക്കുന്ന വേളയിലോ ഇതിൽ നിന്നു പുറത്തു പോകുന്ന വേളയിലോ ആയിരിക്കും ഓരോ സാമ്പത്തിക വർഷവും പ്രഖ്യാപിക്കുന്ന ബോണസ് വിതരണം ചെയ്യുക. ഇതിനു പുറമെ ക്യാഷ് ബോണസുകൾ പോളിസി വാർഷികത്തിലോ പോളിസി നിബന്ധനകൾക്ക് അനുസരിച്ചോ വിതരണം ചെയ്യും.

## ബന്ധൻ എഎംസി ഗിഫ്റ്റ് സിറ്റിയിൽ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ഇരുപത് ബില്യൺ യുഎസ് ഡോളർ ആസ്തിയുള്ള ബന്ധൻ എഎംസി ലിമിറ്റഡ് ഐഎഫ്എസ്സി ബ്രാഞ്ച് വഴി ഗിഫ്റ്റ് സിറ്റിയിൽ പ്രവർത്തനം ആരംഭിച്ചു. കുടുംബ ഓഫീസുകൾ, സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേറ്റ്, സ്ഥാപന നിക്ഷേപകർ, പെൻഷൻ ഫണ്ടുകൾ, എൻഡോവ്മെന്റ് ഫണ്ടുകൾ, പ്രവാസി ഇന്ത്യക്കാർ ഉൾപ്പെടെയുള്ളവർക്ക് ഇപ്പോൾ ഇക്വിറ്റി അധിഷ്ഠിത ബന്ധൻ ഇന്ത്യ ലാർജ് ആൻഡ് മിഡ്ക്യാപ് ഫണ്ടിലോ ബന്ധൻ ഇന്ത്യ സ്മോൾ ക്യാപ് ഫണ്ടിലോ നിക്ഷേപിക്കാമെന്ന് കമ്പനി അധികൃതർ അറിയിച്ചു.സുരക്ഷിതവും ഉയർന്ന നിലവാരമുള്ളതുമായ സ്ഥിര വരുമാന ഫണ്ട് തേടുന്ന നിക്ഷേപകർക്ക് ബന്ധൻ ഇന്ത്യ ഗവൺമെന്റ് സെക്യൂരിറ്റീസ് ഫണ്ടിൽ നിക്ഷേപിക്കാൻ തിരഞ്ഞെടുക്കാം. നികുതി കാര്യക്ഷമമായ നിക്ഷേപ മാർഗം തേടുന്ന നിക്ഷേപകർക്ക് മികച്ച ട്രാക്ക് റെക്കോർഡുള്ള ഫണ്ടുകളിൽ നിക്ഷേപിക്കാനുള്ള അവസരവും ഈ ഫണ്ടുകൾ നൽകുന്നു.ബന്ധൻ ഇന്ത്യ ലാർജ് ആൻഡ് മിഡ്ക്യാപ് ഫണ്ട് ഒരു ഫീഡർ ഫണ്ടാണ്. 2023 ജനുവരി 28 ന് ആരംഭിച്ച ഈ ഫണ്ടും ബന്ധൻ ഇന്ത്യ സ്മോൾ ക്യാപ് ഫണ്ടും ബന്ധൻ എഎംസിയുടെ ഇക്വിറ്റി മേധാവി മനീഷ് ഗുൻവാനി കൈകാര്യം ചെയ്യുന്നു. ബന്ധൻ ഇന്ത്യ ഗവൺമെന്റ് സെക്യൂരിറ്റീസ് ഫണ്ട് ബന്ധൻ എഎംസി സ്ഥിര വരുമാന വിഭാഗം മേധാവി സുയാഷ് ചൗധരിയാണ് ഇത് കൈകാര്യം ചെയ്യുന്നതെന്നും കമ്പനി അധികൃതർ അറിയിച്ചു.

## എസ്ബിഐ ലൈഫ് 'ഹാക്ക്എഐതോൺ' ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ഇൻഷുറൻസ് കമ്പനിയായ എസ്ബിഐ ലൈഫ് ഇൻഷുറൻസ്,രാജ്യത്തെ സാങ്കേതിക വിദ്യാർത്ഥികൾക്കായി ആദ്യത്തെ 'ഹാക്ക്എഐതോൺ' എന്ന പദ്ധതി ആരംഭിച്ചു. നിർമിത ബുദ്ധിയുടെ (എഐ) ശക്തി ഉപയോഗിച്ച് ഇൻഷുറൻസ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ, പ്രത്യേകിച്ച് ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തൽ, ഉൽപ്പന്ന ലഭ്യത, തട്ടിപ്പ് തടയൽ തുടങ്ങിയവയിൽ യുവാക്കളുടെ പുതിയ സമീപനങ്ങൾ ഉൾക്കൊള്ളുകയാണ് ലക്ഷ്യം.



# ഇന്ത്യൻ വാണിജ്യങ്ങൾക്കുള്ള ലോക കവാടം; 40 വർഷം പിന്നിട്ട് ജാഫ്സ

**കൊച്ചി:** ഇന്ത്യയും യുഎഇയും തമ്മിലുള്ള വ്യാപാര വളർച്ചയിൽ റെക്കോർഡ് നേട്ടവുമായി, ജെബൽ അലി ഫ്രീ സോൺ (ജാഫ്സ) 40 വർഷം പിന്നിട്ടു. മുൻ വർഷത്തെ അപേക്ഷിച്ച് 2024ൽ മാത്രം ഡിപി വേൾഡിന്റെ ഈ ഫ്രീ സോൺ ഇന്ത്യയിൽ നിന്നുള്ള വ്യാപാരത്തിന്റെ വ്യാപ്തിയിൽ 40% വർധനയും വ്യാപാര മൂല്യത്തിൽ 17% വർധനവും രേഖപ്പെടുത്തി. ജാഫ്സയിൽ ഇലക്ട്രോണിക്സ്, നിർമ്മാണമേഖല, ഭക്ഷണം, കെമിക്കൽസ്, ലോജിസ്റ്റിക്സ് എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിലായി 2,300ലധികം ഇന്ത്യൻ കമ്പനികൾ പ്രവർത്തിക്കുകയും അവിടെ 15,000ത്തിലധികം ആളുകൾ ജോലി ചെയ്യുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം, ജാഫ്സയിൽ ചേർന്നത് 283 പുതിയ ഇന്ത്യൻ കമ്പനികളാണ്.1985ൽ സ്ഥാപിച്ച ജാഫ്സ കഴിഞ്ഞ 20 വർഷത്തിനിടെ 30 ബില്യൺ ഡോളറിലധികം വിദേശ നിക്ഷേപമാണ് നേടിയത്. ഇന്നിവിടെ 157 രാജ്യങ്ങളിൽ നിന്നുള്ള ഏകദേശം 11,000 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ജാഫ്സ അതിന്റെ 40ാം വാർഷികം ആഘോഷിക്കുമ്പോൾ, ഇന്ത്യയുമായുള്ള ശക്തവും സുസ്ഥിരവും കൂടുതൽ വിപുലീകരണ സാധ്യതയുള്ളതുമായ ഒരു വ്യാപാര ബന്ധം രൂപപ്പെടുത്തുന്നതിൽ അതിനുള്ള പങ്ക് എന്നത്തേക്കാളും കൂടുതൽ പ്രസക്തമായി തുടരുന്നു.

2026ൽ ആരംഭിക്കാൻ പോകുന്ന ഭാരത് മാർട്ട് ആണ് ഒരു സുപ്രധാന ഭാവി വികസന പദ്ധതി. 2.7 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണവുമായി ജബൽ അലിയിൽ തന്നെ സ്ഥിതി ചെയ്യുന്ന ഈ സംവിധാനം, പ്രാരംഭ ഘട്ടത്തിൽ 1.3 ദശലക്ഷം ചതുരശ്ര അടിയിലാണ് ആരംഭിക്കുന്നത്. കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി ജാഫ്സയുടെ വിജയകഥയിൽ ഇന്ത്യ നിർണായക പങ്കുവഹിച്ചിട്ടുണ്ട് എന്ന് ഡിപി വേൾഡിന്റെ ഗ്രൂപ്പ് ചെയർമാനും സിഇഒയുമായ ഹിസ് എക്സലൻസി സുൽത്താൻ അഹമ്മദ് ബിൻ സുലായം പറഞ്ഞു.

# ഫ്ളെക്സി ഹോം ഇൻഷുറൻസുമായി എസ്ബിഐ ജനറൽ ഇൻഷുറൻസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ജനറൽ ഇൻഷുറൻസ് കമ്പനികളിലൊന്നായ എസ്ബിഐ ജനറൽ ഇൻഷുറൻസ് വീടുകൾക്കും ഹൗസിങ് സൊസൈറ്റികൾക്കും സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനായി എസ്ബിഐ ജനറൽ ഫ്ളെക്സി ഹോം ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു. സ്വന്തമായും വാടകയ്ക്ക് എടുത്തതുമായ വീടുകൾക്കും ഹൗസിങ് സൊസൈറ്റികൾക്കുമാണ് ഇൻഷുറൻസ് ലഭിക്കുക.തീപിടുത്തമുണ്ടായാൽ ഇൻഷുറൻസ് കവറേജ് നൽകുന്ന ഫയർ കവർ ഒഴികെയുള്ളവ ഉപഭോക്താവിന്റെ ആവശ്യങ്ങളനുസരിച്ച് ക്രമീകരിക്കാം എന്നതാണ് എസ്ബിഐ ജനറൽ ഫ്ളെക്സി ഹോം ഇൻഷുറൻസിന്റെ പ്രത്യേകത. വിലപ്പെട്ട വസ്തുക്കൾക്കുള്ള സംരക്ഷണം, താൽക്കാലിക താമസത്തിനുള്ള ചെലവുകൾ, മോഷണത്തിൽ നിന്നുള്ള പരിരക്ഷ തുടങ്ങിയവ ആഡ്ഓണുകളിൽ ഉൾപ്പെടുന്നു. ഒന്നിലധികം അധിക പരിരക്ഷകൾ തെരഞ്ഞെടുക്കുന്നവർക്ക് കിഴിവും ലഭിക്കും.വീടിന്റെ ഘടന, അതിലെ വസ്തുക്കൾ, മറ്റ് അധിക അപകടസാധ്യതകൾ എന്നിവയ്ക്ക് സമഗ്രമായ പരിരക്ഷ ലഭിക്കും. സ്വത്തിന് നാശനഷ്ടം സംഭവിക്കൽ, പ്രകൃതിദുരന്തങ്ങൾ, തീപിടുത്തം, മോഷണം എന്നിവയിൽ നിന്നും ഈ പോളിസി സംരക്ഷണം നൽകും. കൂടാതെ മറ്റ് അപ്രതീക്ഷിത വിപത്തുകൾക്കും പരിരക്ഷ നൽകുന്നതിനാൽ സംരക്ഷണം തേടുന്ന വീട്ടുടമകൾക്കും വാടകക്കാർക്കും മികച്ച പദ്ധതിയാണിത്. ഒരൊറ്റ തവണ പണം അടച്ച് 20 വർഷം വരെ ഇൻഷുറൻസ് പരിരക്ഷ നേടാനും സാധിക്കും.

ഓരോ വീടും അതിന്റെ സുരക്ഷാ ആവശ്യങ്ങളും പ്രധാനപ്പെട്ടതാണെന്ന ചിന്തയിലാണ് ഇത്തരമൊരു പദ്ധതി കൊണ്ടു വന്നതെന്ന് എസ്ബിഐ ജനറൽ ഇൻഷുറൻസിന്റെ ചീഫ് പ്രൊഡക്ട്, മാർക്കറ്റിംഗ് ഓഫീസറായ സുബ്രഹ്മണ്യൻ ബ്രഹ്മജോസ്യുല പറഞ്ഞു. വീട്ടുടമയ്ക്കും വാടകക്കാരനും വ്യത്യസ്തമായ ഇൻഷുറൻസിന്റെ ആവശ്യകതയാണുള്ളത്. എസ്ബിഐ ജനറൽ ഫ്ളെക്സി ഹോം ഇൻഷുറൻസിലൂടെ ഇച്ഛാനുസൃതവും സമഗ്രവുമായ പരിപൂർണ്ണ പരിരക്ഷയാണ് നൽകുന്നത്. അപ്രതീക്ഷിത സാഹചര്യങ്ങളിൽ സാമ്പത്തിക സുരക്ഷ ഉറപ്പാക്കാവുന്ന രീതിയിലാണ് ഈ പോളിസി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ഒറ്റത്തവണ പ്രീമിയം അടയ്ക്കാനുള്ള സൗകര്യവും എളുപ്പത്തിലുള്ള ക്ലെയിം പ്രക്രിയയും ഈ പോളിസിയുടെ പ്രത്യേകതയാണ്. പോളിസി ഉടമകൾക്ക് സാമ്പത്തിക സ്ഥിരതയും മനസ്സമാധാനവും നൽകാനും നൂതനവും സമഗ്രവുമായ ഇൻഷുറൻസ് പരിഹാരങ്ങൾ നൽകാനുമുള്ള എസ്ബിഐ ജനറലിന്റെ പ്രതിബദ്ധതയെ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടുള്ളതാണീ പോളിസി.

# തൊഴിൽ തട്ടിപ്പ്: ജാഗ്രതാ നിർദ്ദേശവുമായി തപാൽ വകുപ്പ്

**കൊച്ചി:** തൊഴിൽ തട്ടിപ്പിനെതിരെ ജാഗ്രതാ നിർദ്ദേശവുമായി തപാൽ വകുപ്പ്. തപാൽ വകുപ്പിന്റെ തൃശ്ശൂർ ആർഎംഎസിൽ സോർട്ടിംഗ് അസിസ്റ്റന്റ് ആയി ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയസംഭവത്തിൽ രണ്ടു പേരെ അറസ്റ്റ് ചെയ്തതിനു പിന്നാലെയാണ് തപാൽ വകുപ്പിന്റെ മധ്യ മേഖല(കൊച്ചി) പൊതുജനങ്ങൾക്കായി ജാഗ്രതാ നിർദ്ദേശം നൽകിയത്.തപാൽ വകുപ്പ് (ഇന്ത്യ പോസ്റ്റ്),നിയമന പ്രക്രിയയ്ക്ക് നിർദ്ദിഷ്ട അപേക്ഷാ ഫീസ് ഒഴികെ യാതൊരു ഫീസും ഈടാക്കുന്നില്ല.നിയമന പ്രക്രിയ പൂർണ്ണമായും സുതാര്യമാണ്. എല്ലാ ഔദ്യോഗിക അറിയിപ്പുകളും അച്ചടി മാധ്യമങ്ങൾ/ ഡിജിറ്റൽ മാധ്യമങ്ങൾ / ഇന്ത്യ പോസ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് എന്നിവ വഴിയാണ് പ്രസിദ്ധീകരിക്കുന്നത്.തൊഴിൽ ഏജന്റുമാരായോ ഇടനിലക്കാരായോ പ്രവർത്തിക്കാൻ ഇന്ത്യ പോസ്റ്റ് ഒരു വ്യക്തിയെയും ഏജൻസിയെയും അധികാരപ്പെടുത്തുന്നില്ല.സംശയാസ്പദമായ രീതിയിൽ ഉണ്ടാകുന്ന ജോലി ഓഫറുകളെയോ അത്തരം ഏജന്റുമാരെയോ കുറിച്ച് പൊതുജനങ്ങൾക്ക് ഉടൻ തന്നെ അധികാരികൾക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയും.അതിനായുള്ള ഔദ്യോഗിക വെബ്സൈറ്റ്: www.indiapost.gov.in, ഇമെയിൽ ഐഡി: pmger.keralapost@gmail.com എന്നിവയാണെന്നും അധികൃതർ അറിയിച്ചു.

# ഇന്ത്യയിൽ നിർമ്മിച്ച സ്മാർട്ട്സ്പീക്കർ പുറത്തിറക്കി ഫോൺപേ

**കൊച്ചി:** വ്യാപാരികളുടെ വളർന്നുവരുന്ന ബിസിനസ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന, നവീകരിച്ച പതിപ്പായ, അടുത്ത തലമുറ സ്മാർട്ട്സ്പീക്കറിന്റെ ലോഞ്ച് ഇ ഫോൺപേ പ്രഖ്യാപിച്ചു. യഥാർത്ഥ സ്മാർട്ട്സ്പീക്കറിന്റെ അടിത്തറയിൽ നിർമ്മിച്ച ഈ അടുത്ത തലമുറ പതിപ്പ് മെയ്ഡ് ഇൻ ഇന്ത്യ ആണ്. ഏറ്റവും പുതിയ അപ്ഗ്രേഡ് അതിന്റെ മുൻഗാമിയുടെ ജനപ്രിയ സവിശേഷതകൾ നിലനിർത്തുന്നതിനൊപ്പം കാര്യമായ മെച്ചപ്പെടുത്തലുകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com